**Desabhimani**

**17 July 2018**

**Palluruthy, Kalady, Flood, After affects, Relief Camp**



പള്ളൂരുത്തിയിലെ ദുരിതാശ്വാസ ക്യാമ്പിൽ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി

# ദുരിതാശ്വാസ ക്യാമ്പ് മന്ത്രി സന്ദർശിച്ചു

**പള്ളുരുത്തി**

പള്ളുരുത്തിയിലെ ദുരിതാശ്വാസ ക്യാമ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി സന്ദർശിച്ചു. മുപ്പതോളം കുടുംബങ്ങളാണ് പള്ളുരുത്തി കച്ചേരിപ്പടിയിലെ കമ്യൂണിറ്റി ഹാളിൽ ക്യാമ്പ് ചെയ്യുന്നത്. എം സ്വരാജ് എംഎൽഎ, പി എസ് വിജു തുടങ്ങിയവരും മന്ത്രിക്കൊപ്പമുണ്ടായിരുന്നു.



കാഞ്ഞൂർ പഞ്ചായത്തിലെ വട്ടത്തറയിലെ വെള്ളക്കെട്ട്

# കാഞ്ഞൂരിൽ വീടുകൾ വെള്ളത്തിൽ

**കാലടി**

കാഞ്ഞൂർ പഞ്ചായത്തിലെ വട്ടത്തറയിൽ 50 ഓളം വീടുകളിൽ വെള്ളംകയറി. 36 വീട്ടുകാരെ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറ്റി. പലരുടെയും വീട്ടുപകരണങ്ങൾ ഒഴുകിപ്പോയി. ഇവർക്ക് ആവശ്യമായ ഭക്ഷണം കാഞ്ഞൂർ സർവീസ് സഹകരണ ബാങ്ക് നൽകും. സാംക്രമിക രോഗങ്ങൾ പടരാൻ സാധ്യതയുള്ളതിനാൽ കിണർവെള്ളം ഉപയോഗിക്കരുതെന്ന് ആരോഗ്യവകുപ്പ് നിർദേശിച്ചു. അൻവർ സാദത്ത് എംഎൽഎ, ടെൽക് ചെയർമാൻ അഡ്വ. എൻ സി മോഹനൻ, സിപിഐ എം കാലടിഏരിയ സെക്രട്ടറി സി കെ സലീംകുമാർ, കാഞ്ഞൂർ ലോക്കൽസെക്രട്ടറി കെ പി ബിനോയ്, വില്ലേജ് ഓഫീസർ വൃന്ദ പി നായർ എന്നിവരും ആരോഗ്യവകുപ്പ് അധികൃതരും സ്ഥലം സന്ദർശിച്ചു.



മരം വീണ് തകർന്ന മുളന്തുരുത്തിയിലെ മിൽട്ടന്റെ വീട്